(ഡി) എൻ. ടി. സി. മില്ലുകൾക്ക് സംസ്ഥാന സർക്കാർ റവന്യൂഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമി ഓരോ മില്ലിനും നല്കിയിട്ടുണ്ട്;

(ഇ) സംസ്ഥാനത്തുള്ള ഏതെങ്കിലും മില്ലുകൾ എൻ. ടി. സി. ഏറ്റെടുക്കണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അഞ്ചു മില്ലുകൾ.

(ബി) ബി. ഐ. എഫ്. ആറിന്റെ ഉത്തരവ് പ്രകാരം മില്ലുകളുടെ നവീകരണത്തിന് സാംഗ്ഷൻഡ് റീഹാബിലിറ്റേഷൻ സ്കീം (എസ്. ആർ. എസ്.) അംഗീകരിച്ചിട്ടുണ്ട്.

(സി) എസ്. ആർ. എസ്. (സാംഗ്ഷൻഡ് റീഹാബിലിറ്റേഷൻ സ്കീം) അംഗീകരിച്ച പ്രകാരമുള്ള നവീകരണ പദ്ധതി പരിഗണനയിലുണ്ട്.

(ഡി) ഇല്ല.

(ഇ) ഇല്ല.

മാതൃകാ സമഗ്ര സുരക്ഷാ പദ്ധതി

30 [2802] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗതികളുടെയും അവശ ജനവിഭാഗങ്ങളുടെയും സംരക്ഷണത്തിനായി മാതൃകാ സമഗ്ര സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും അതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ഡി) സർക്കാർ ഉദ്ദേശിച്ച തരത്തിൽ പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സാധുക്കളായ ജനങ്ങൾക്ക് ആവശ്യ ഘട്ടങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് സാധുജന സാമൂഹ്യ സുരക്ഷിതത്വ ഫണ്ട് എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിൽ വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും അവരുടെ കുട്ടികൾക്കും വകുപ്പിലെ ഏതെങ്കിലും സ്ഥാപനത്തിൽ/അനാഥമന്ദിരത്തിൽ കഴിയുന്നെങ്കിൽ ഇരുകൂട്ടർക്കും ഒരുമിച്ച് കഴിയുന്നതിന് വീട് ഉണ്ടാക്കിക്കൊടുക്കുന്നതിനോ, ചെറിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയും, ക്ഷേമ സ്ഥാപനങ്ങളിൽ നിന്ന് വിവാഹം കഴിഞ്ഞ് പോകുന്ന പെൺകുട്ടികളുടെ ജീവിതമാർഗ്ഗത്തിന് വേണ്ടിയും, വയോജനങ്ങളുടെ ആരോഗ്യ സുരക്ഷിതത്വ പരിപാടി ഉൾപ്പെടെ കുടുംബശ്രീ തെരഞ്ഞെടുത്തിട്ടുള്ള അഗതി കുടുംബങ്ങൾക്കും, അവരുടെ ആവശ്യകതയ്ക്ക് അനുസൃതമായി കുടുംബശ്രീ മറ്റ് ഇതര ഏജൻസികൾ എന്നിവർ നൽകുന്ന ധനസഹായത്തിന് പുറമേ വേണ്ടിവരുന്ന തുകയിൽ 10,000 രൂപ വരെ കുടുംബം ഒന്നിന് നിജപ്പെടുത്തി നല്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) 2002-03 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിലാണ് ഈ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത്. പ്രസ്തുത വർഷം 25 കോടി രൂപയും 2004-05 വർഷത്തിൽ 40 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ നിന്ന് തുകയൊന്നും നാളിതുവരെ ചെലവഴിച്ചിട്ടില്ല.

(ഡി ആന്റ് ഇ) പദ്ധതി അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതോടെ സർക്കാർ ഉദ്ദേശിച്ച തരത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററിലെ സൗകര്യങ്ങൾ

31 [2803] ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും വേണ്ടി സംസ്ഥാനത്ത് എത്ര ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്;

(ബി) ഇവയിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്നത് എത്ര എന്നും സർക്കാർ ഗ്രാന്റോടുകൂടി നടത്തപ്പെടുന്നത് എത്ര എന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ ഗ്രാന്റോടുകൂടി പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന ട്രെയിനിംഗ് സെന്ററുകളിൽ ആവശ്യത്തിനുള്ള സൗകര്യങ്ങളുണ്ടോ എന്നും അവിടെ ആവശ്യത്തിനുള്ള സാനിട്ടറി സൗകര്യങ്ങൾ ഉണ്ടോ എന്നും പരിശോധന നടത്താറുണ്ടോ എന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly